"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- 2024-25ശബരിമല തീർത്ഥാടന കാലയളവിൽ 1000 സ്പെഷ്യൽ പോലീസ് ഓഫീസർമാരെ നിയമിക്കുന്നതിന് അനുമതി നല്കി - ഉത്തരവാകുന്നു

---

**ആഭ്യന്തര (എസ്.സി.)വകുപ്പ്**

സ.ഉ.(സാധാ) നം.3260/2024/HOME തീയതി,തിരുവനന്തപുരം, 05-11-2024

---

പരാമർശം:- 1. സ.ഉ.(സാധാ)നം.3309/2023/ആഭ്യന്തരം തീയതി 15-11-2023

2. സംസ്ഥാന പോലീസ് മേധാവിയുടെ 27/09/2024 ലെ U2-178737/2024/PHQ നമ്പർ കത്ത്

**ഉത്തരവ്**

2024 നവംബർ 15-ന് ആരംഭിച്ച് 2025 ജനുവരി 19-ന് സമാപിക്കുന്ന 2024-25 വർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവക്കാലത്ത് പൊതു ക്രമസമാധാനപാലനത്തിനും തിരക്ക് നിയന്ത്രിക്കുന്നതിനും സ്പെഷ്യൽ പോലീസ് ഓഫീസർമാരെ നിയോഗിക്കുന്നതിനുള്ള പ്രപ്പോസൽ പരാമർശം 2 പ്രകാരം സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടനകാലത്ത് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ധാരാളം ഭക്തജനങ്ങൾ സംസ്ഥാനത്ത് എത്താറുണ്ട്. തീർഥാടകരുടെ സുരക്ഷ കണക്കിലെടുത്ത് തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശൂർ, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ മതിയായ പോലീസ് സംരക്ഷണം ഏർപ്പെടുത്തേണ്ടതുണ്ട്. സംസ്ഥാനത്തെ നിലവിലുള്ള പോലീസ് ഉദ്യോഗസ്ഥരുടെ അംഗസംഖ്യയിൽ നിന്നും ഉദ്യോഗസ്ഥരെ നിയമിക്കുന്നത് പതിവ് ഡ്യൂട്ടികളെ ബാധിക്കുകയും തടസ്സപ്പെടുത്തുകയും ചെയ്യുമെന്നതിനാൽ ഈ ജില്ലകളിൽ അധിക ഉദ്യോഗസ്ഥർ ആവശ്യമാണ്. ആയതിനാൽ, മേൽ ജില്ലകളിൽ വിരമിച്ച പോലീസ് ഉദ്യോഗസ്ഥർ, മുൻ സൈനികർ, എൻസിസി കേഡറ്റുകൾ എന്നിവരിൽ നിന്നും അനുയോജ്യരായവരെ സ്പെഷ്യൽ പോലീസ് ഓഫീസർമാരായി നിയമിക്കുന്നതിന് അനുമതി നല്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ കാര്യം പരിശോധിച്ചു. 2024-25 ശബരിമല തീർത്ഥാടന കാലയളിവിലേക്ക് 1000 സ്പെഷ്യൽ പോലീസ് ഓഫീസർമാരെ 60 ദിവസത്തേയ്ക്ക്

₹660 (അറുന്നൂറ്റി അറുപത് രൂപ മാത്രം) ദിവസ വേതന നിരക്കിൽ ആവശ്യമായ ജില്ലകളിൽ വിരമിച്ച പോലീസ് ഉദ്യോഗസ്ഥർ, മുൻ സൈനികർ, എൻസിസി കേഡറ്റുകൾ എന്നിവരിൽ നിന്നും അനുയോജ്യരായവരെ സ്പെഷ്യൽ പോലീസ് ഓഫീസർമാരായി നിയമിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു. സംസ്ഥാന പോലീസ് മേധാവി ഇതനുസരിച്ചുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്യാം ടി കെ
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (31/10/2024ലെ Exp- A3/547/2024/Fin നമ്പർ കുറിപ്പ് പ്രകാരം)
റവന്യു (ദേവസ്വം) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് &ന്യു മിഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Prameela K Nair
സെക്ഷൻ ഓഫീസർ
Date: 05-11-2024 14:51:33